കേരള കാർഷിക സർവ്വകലാശാല
കാർഷിക കോളേജ് പടന്നക്കാട്

നമ്പർ. ജി2-3309/2022 (i) തീയ്യതി: 01.06.2022

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമുകളിലെ (പടന്നക്കാട്, കരുവാച്ചേരി) മുറിച്ച മാറ്റിയ തെങ്ങുകളുടെ അടിഭാഗം പിഴുതുമാറ്റുക, നാഷണൽ ഹൈവേ വീതികൂട്ടുന്നതിന്റെ ഭാഗമായി നീക്കം ചെയ്ത കോളേജ്/ ഫാം മതിലിന്റെ കല്ലുകൾ ക്യാമ്പസിനകത്തേക്ക് അടുക്കിവെയ്ക്കുക, നഴ്സറിയുടെ ആവശ്യത്തിനായി മണൽ/ മണ്ണ് സംഭരിച്ച് വയ്ക്കുക എന്നീ ജോലികൾക്കായി ജെ.സി.ബി.യുടെ സേവനം നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഉറപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

കോളേജ് ഇൻസ്ട്രക്ഷണൽ ഫാമുകളിൽ (പടന്നക്കാട്, കരുവാച്ചേരി) മേൽ പരാമർശിച്ച ജോലികൾ ചെയ്യുന്നതിന് ഒരു മണിക്കൂർ ജെ.സി.ബി.യുടെ സേവനത്തിന്റെ നിരക്ക് (ജെ.സി.ബി/ ഡ്രൈവർ/ മറ്റ് ചെലവുകൾ ഉൾപ്പെടെ) വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ട് സീൽ ചെയ്ത കവറിൽ 13/06/2022 ഉച്ചക്ക് ശേഷം 3 മണിക്ക് മുമ്പായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിനു പുറത്ത് **'ജെ.സി.ബി.യുടെ സേവനം നൽകുന്നതിനുള്ള ദർഘാസ്'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ദർഘാസിനൊപ്പം 2500/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ദർഘാസുകൾ അതേ ദിവസം ഉച്ചക്ക് ശേഷം 3.30 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.

അംഗീകരിക്കപ്പെട്ട ദർഘാസ് സമർപ്പിച്ച വ്യക്തി ഒരു വർഷം തുടർച്ചയായി സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി 200 രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി നൽകേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥൻമാർ നിഷ്കർഷിക്കുന്ന ജോലികൾ ഈ ഫാമിലുള്ള മറ്റ് വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.

വരുമാന നികുതി ബാധകമാകുന്ന സാഹചര്യത്തിൽ പാൻകാർഡ് ഹാജരാക്കേണ്ടതും നിലവിലുള്ള നിരക്ക് ഈടാക്കുന്നതുമായിരിക്കും. പാൻകാർഡ് ഹാജരാക്കാത്ത സാഹചര്യത്തിൽ നിയമപ്രകാരം കൂടിയ നിരക്കിൽ ആദായനികുതി ഈടാക്കുന്നതായിരിക്കും. ജോലി ചെയ്തതിനുള്ള പ്രതിഫലം ബില്ല് തന്നാൽ ബാങ്ക് അക്കൌണ്ട് ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ദർഘാസുകൾ തിരസ്കരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കാർഷിക കോളേജ് ഡീനിൽ നിക്ഷിപ്തമാണ്.

സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് ദിവസം എന്തെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചക്ക് ശേഷം 3.00 മണി വരെ ദർഘാസ് സ്വീകരിക്കുന്നതും ഉച്ചക്ക് ശേഷം 3.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

മറ്റ് വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്. (ഫോൺ : 0467-2281966)

ഒപ്പ്
ഡോ.മിനി പി.കെ.
ഡീൻ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ്/ കോളേജ്/ ഇൻസ്ട്രക്ഷണൽ ഫാം I & II
2. സർക്കുലേഷൻ (ഫാം മുഖാന്തിരം)
3. ഓഫീസർ ഇൻ ചാർജ്ജ്, ഫാം I & II
4. ഫാം മാനേജർ, ഫാം I & II സ്റ്റോക്ക് & സ്റ്റോറേജ് /ഫയൽ
5. കോളേജ് വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ